# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ എം പി എം22/2047/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം22/2047/21 തീയ്യതി: 03/01/2022

## മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള.എ.സി , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ
ശ്രീമതി.ഹുസ്ന വി.സി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.കെ മൂസ്സ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നൈസാം. എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ജയ് എം എ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ നജ്മുദ്ദീൻ ടി | കൃഷി ഓഫീസർ | 01-04-2019 | 02-12-2019 |
| ശ്രീമതി നസ്മിയ കെ | കൃഷി ഓഫീസർ | 03-12-2019 | 31-03-2020 |
| ഡോ കെ എസ് കണ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ആശ പി | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സുഫൈറത്ത്.കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 06-12-2019 |
| ശ്രീമതി പാത്തുമ ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-12-2019 | 31-03-2020 |
| ഡോ റനി എം ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ കാസിം യു കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-05-2019 |
| ഡോ സി അബ്ദുൽ ഗഫൂർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2019 | 31-03-2020 |
| ശ്രീ അബ്ദുൽ ഗഫൂർ | വി.ഇ.ഒ | 01-04-2019 | 31-08-2019 |
| ശ്രീ ഷഫീക്ക് കെ | വി.ഇ.ഒ | 01-09-2019 | 20-09-2019 |
| ശ്രീ ഷിജു കെ എം | വി.ഇ.ഒ | 21-09-2019 | 31-03-2020 |
| ശ്രീ മൂസ്സ വി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 26-07-2019 |
| ശ്രീമതി മീര സി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 27-07-2019 | 13-01-2020 |
| ശ്രീ പി ഉസ്മാൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 11-11-2021)<br>Last Updated By: Husna (Auditor, On 11-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 11-11-2021)<br>Last Updated By: Husna (Auditor, On 11-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Husna (Auditor, On 11-11-2021)<br>Last Updated By: Husna (Auditor, On 11-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം ACR പ്രകാരം<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ.<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Husna (Auditor, On 16-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Husna (Auditor, On 17-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന - അപാകതകൾ<br>Written By: Abdul Ali Kunnan (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ .<br>Written By: Abdul Ali Kunnan (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-12 |
| 13 | ഗുണഭോക്തൃ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം - ₹ 9136 തിരിച്ചടച്ചു<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-13 |
| 14 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-14 |
| 15 | മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-15 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - | 1-16 |

| | | |
|---|---|---|
| | പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | |
| 17 | തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവ്യത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-17 |
| 18 | പറക്കാട്ട് അംഗൻവാടിറൂഫിംഗ്& ചുറ്റുമതിൽ (298/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-17-1 |
| 19 | കുഴിമണ്ണ സെക്കന്റ് സൗത്ത് GLPS സ്റ്റേജ് (304/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-17-2 |
| 20 | അത്തിക്കലൊടി അംഗൻവാടി അഭിവ്യദ്ധിപ്പെടുത്തൽ ( 329/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-17-3 |
| 21 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-18 |
| 22 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-19 |
| 23 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 30-12-2021) | 1-20 |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-21 |
| 25 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-22 |
| 26 | നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-23 |
| 27 | സമയബന്ധിതമായി പ്രവൃത്തി നടത്താത്ത കാരറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. ₹ 23161 നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-24 |
| 28 | കുടിവെള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചില്ല - ₹ 223302 പാഴ്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവ്യത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Husna (Auditor, On 22-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Husna (Auditor, On 16-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 23-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 24-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 22-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 17-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 23-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Husna (Auditor, On 17-11-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Husna (Auditor, On 17-11-2021)<br>Last Updated By: Unni.P (Deputy Director, On 01-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) / 14.02.2019 | 5(1) / 05.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 20.05.2020 | ബാധകമല്ല. | ബാധകമല്ല. |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24583310 |
| വരവ് | 62959288 |
| ആകെ | 87542598 |
| ചെലവ് | 63175235 |
| നീക്കിയിരിപ്പ് | 24367363 |

## 1-4 ഫണ്ട് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12577961 | 12577961 | 9266235 | 0 | 3311726 | 73.67 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8576000 | 8576000 | 5521109 | 0 | 3054891 | 64.37 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 19771000 | 19771000 | 10651496 | 0 | 9119504 | 53.87 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3801000 | 3801000 | 2032626 | 0 | 1768374 | 53.47 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9729398 | 9729398 | 5837533 | 0 | 3891865 | 59.9 |
| ബി ഫണ്ട് | 0 | 22369000 | 22369000 | 22369000 | 0 | 0 | 100 |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 313 | 90525783 | 179 | 46263612 | 0 | 134 | 57.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1148 | 1655972 | 16557120 | 16557120 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20763924 | 20763924 | 20763924 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 504000 | 324 |
| കർഷകതൊഴിലാളി പെൻഷൻ | 3157200 | 543 |
| വിധവാപെൻഷൻ | 5671800 | 985 |
| വാർദ്ധക്യകാലപെൻഷൻ | 10276200 | 1834 |
| വികലാംഗപെൻഷൻ | 2528800 | 437 |
| വിവാഹ ധന സഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 171000 | 30 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4398/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 .സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.
2. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ തപാൽ കൈപറ്റുമ്പോൾ സെക്ഷൻ തിയതി രേഖപ്പെടുത്തുന്നില്ല.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
4. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 | 09/2020-11/2020 | 06.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2011 | 2009-2010 | 12.05.2011 |

## 1-11 വാർഷികകണക്ക് പരിശോധന - അപാകതകൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ബാലൻസ് ഷീറ്റിൽ സംയുക്ത പദ്ധതി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 572995/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി.എസ്.ബിയിൽ 444682രൂപാണ് നീക്കിയിരിപ്പ്.

2) വസ്തു നികുതിയിനത്തിൽ ലഭ്യമാവാനുള്ള തുകക്ക് ലൈബ്രറി സെസ്സിന് പ്രൊവിഷൻ നൽകിയത് ക്രമപ്രകാരമല്ല (5%അല്ല)

3) പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) റസീപ്റ്റ് &പേയ്മെന്റ് പ്രകാരം 2628 രൂപ എന്റർടെയ്ൻമെന്റ് ടാക്സ് ഇനത്തിൽ ലഭ്യമായിട്ടുണ്ട്. ഡിമാന്റ്

രജിസ്റ്റർ ലഭ്യമാവാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലെ വരവ് 71290 രൂപ, രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ എസ്.എസ്.എ ഇനത്തിൽ 106343 രൂപയാണ് ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ B17ൽ 110523 രൂപയാണ് മേൽ ആവശ്യത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ്.

8) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസമുണ്ട്.

| | കളക്ഷൻ | |
|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 4837120 | 4843763 |
| കുടിശ്ശിക | 0 | 4 |

9) 2018-19 വാർഷിക കണക്ക് പരിശോധനയിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകതകൾ .

കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

എ) സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല .

താഴെ പറയുന്ന സ്ഥാപനങ്ങളുടെ അതതിന് നേരേ ചേർത്ത കാലയളവിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 2019/20 രണ്ടാം അർദ്ധവർഷം | 1250 |
| 2 | എം.ഡി.സി.ബാങ്ക് കിഴിശേരി | 2019/20 രണ്ടാം അർദ്ധവർഷം | 1250 |
| 3 | മുത്തൂറ്റ് മൈക്രോഫിൻ | 2019/20 രണ്ടാം അർദ്ധവർഷം | 1250 |
| 4 | കെ.എസ്.ഇ.ബി കിഴിശ്ശേരി | 2020/21 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ | 2500 |

ബി) ജീവനക്കാർ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്ക ിയിട്ടില്ല.

തൊഴിൽ നികുതി റിട്ടേൺ പ്രകാരം 2019/20 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയ താഴെ ചേർത്ത ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. . ഈ ജീവനക്കാരുടെ പേര് പത്രികയിൽ ഉൾപ്പെടുത്താതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് & തസ്തിക | സ്ഥാപനം |
|---|---|---|
| 1 | ഷീജ.കെ., യു.പി.എസ്.എ | ജി.യു.പി.എസ്. കട്ടങ്ങല്ലൂർ |
| 2 | മറിയക്കുട്ടി., യു.പി.എസ്.എ, | ജി.എം.യു.പി.എസ്. കിഴിശേരി |

തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 05/19-20 തിയ്യതി 22-11-2021- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 ഗുണഭോക്തൃ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം - ₹ 9136 തിരിച്ചടച്ചു

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ കുഴിമണ്ണ സെക്കന്റ് സൗത്ത് അംഗൻവാടി കെട്ടിടം പുനരുദ്ധാരണം ( 254/20) എന്ന പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം നൽകിയത് മൂലം അധികം നൽകിയ ₹ 9136 ഓഡിറ്റ് എൻക്വയറി (1/19-20 തി.11.11.2021) നൽകിയതിനെത്തുടർന്ന് തിരിച്ചടച്ചു. ( രസീത് നമ്പർ 121120103429/22-11-2021 )

ഗുണഭോക്തൃസമിതി നടപ്പാക്കുന്ന പ്രവൃത്തിക്ക് 7.5% ഓവർഹെഡ് ചാർജ്ജ് മാത്രം നൽകിയാൽ മതി എന്നിരിക്കെ ടെണ്ടർ പ്രവൃത്തിക്ക് അർഹമായ 15% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി അതിനനുസരിച്ച് പണം നൽകിയത് മൂലമാണ് അപാകത ഉണ്ടായത്.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. പ്രൊജക്റ്റ് നമ്പർ, പേര് : 26/20, അംഗൻവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ : 2948660

തുക : 2948369 (വികസന ഫണ്ട് ജനറൽ - 1556320, കേന്ദ്രാവിഷ്കൃത ഫണ്ട് - 999709, ധനകാര്യ കമ്മീഷൻ അവാർഡ് - 213340, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം - 179000)

2. പ്രൊജക്റ്റ് നമ്പർ, പേര് : 28/20, അംഗൻവാടി പോഷകാഹാരം (എസ് സി)

അടങ്കൽ : 1041180

തുക : 990228 (വികസന ഫണ്ട് എസ് സി പി - 741954, കേന്ദ്രാവിഷ്കൃത ഫണ്ട് - 248274 )

മേൽ പ്രോജക്ടുകൾ പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പ്രീതി ഐശര്യ ന്യൂട്രിമിക്സ്, കുനിയിൽ, എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ്, ഭക്ഷ്യധാന്യം എന്നിവ വാങ്ങിയതിന് 1213450 രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി | സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 33/01.01.2019 | 105595 | 5280 | 2112 | 2/30.07.2019 | പ്രീതി ഐശര്യ ന്യൂട്രിമിക്സ്, കുനിയിൽ |
| 2 | 40/25.02.2019 | 125545 | 6277 | 2511 | | |
| 3 | 38/02.02.2019 | 120540 | 6027 | 2411 | | |
| 4 | 17/24.07.2019 | 89670 | 4484 | 1793 | 0159357/06.11.2019 | |
| 5 | 26/16.09.2019 | 101010 | 5051 | 2020 | | |
| 6 | 32/09.10.2019 | 102935 | 5147 | 2059 | | |
| 7 | 46/03.04.2019 | 130270 | 6514 | 2605 | 6762858/17.09.2019 | |
| 8 | 03/13.05.2019 | 116165 | 5808 | 2323 | | |
| 9 | 10/27.06.2019 | 112140 | 5607 | 2243 | | |
| 10 | 43/27.11.2019 | 105245 | 5262 | 2105 | 14/26.02.2020 | |
| 11 | 38/05.11.2019 | 104335 | 5217 | 2087 | | |
| ആകെ | | 1213450 | 60674 | 24269 | | |

.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/2019-20 തി: 24.11.2021) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയ സ്ഥാപനങ്ങൾ ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കുഴിമണ്ണ)

2019-20 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ / പേര് | മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | ലഭ്യമായ മരുന്നിന്റെ വിവരം | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|
| 34/20 പരിരക്ഷ<br>(ഫണ്ട് : വികസന ഫണ്ട് ജനറൽ) | 80,000 രൂപ<br>(PRF 3277/16.12.2019)<br>ബിൽ നമ്പർ /തിയ്യതി: 5/26.02.2020 | ലഭിച്ചിട്ടില്ല | 80,000 രൂപ |
| 40/21 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ<br>(ഫണ്ട് : തനത് ഫണ്ട്) | 40,000 രൂപ<br>(PRF 3426/21.12.2019)<br>വൗച്ചർ നമ്പർ / തിയ്യതി 21900894/04.02.2020 | ലഭിച്ചിട്ടില്ല | 40,000 രൂപ |
| ആകെ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | | | 1,20,000 രൂപ |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/2019-20 തി: 22.11.2021) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്റ്റ് നമ്പർ, പേര് : 24/20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ : 1400000

തുക : 1400000 (വികസന ഫണ്ട് ജനറൽ - 700000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 350000, ജില്ലാ പഞ്ചായത്ത് വിഹിതം - 350000)

| ബിൽ നമ്പർ / തിയ്യതി | തുക |
|---|---|
| 7/22.01.2020 | 72000 |
| 8/22.01.2020 | 163000 |
| 9/22.01.2020 | 350000 |
| 10/22.01.2020 | 476200 |
| 15/11.03.2020 | 151800 |
| 18/26.03.2020 | 187000 |
| ആകെ | 1400000 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള മേൽ പ്രോജക്റ്റ് പ്രകാരം 14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വിവിധ ബില്ലുകൾ വഴി തുക മാറി നൽകുന്നതിനാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ എത്ര തുകയാണ് ഓരോ വിദ്യാർത്ഥിക്കും നൽകിയത് എന്ന വിവരം ലഭ്യമല്ല. ആയത് മൂലം അർഹതപ്പെട്ട തുക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടോ എന്നും, എല്ലാ വിദ്യാർത്ഥികൾക്കും ഒരേ പോലെ സ്കോളർഷിപ്പ് ലഭ്യമായോ എന്നും ഉറപ്പ് വരുത്താനായിട്ടില്ല. മാത്രമല്ല കൂടുതൽ തുക അനുവദിച്ചോ എന്നും പരിശോധിക്കാനായിട്ടില്ല.

3. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠന സഹായികൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെ 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സർക്കാർ നിർദേശമുള്ളതാണ്. എന്നാൽ വിദ്യാർത്ഥികൾക്ക് അർഹമായ തുക നൽകിയിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഒരു വിദ്യാർത്ഥിയുടെ വിശദാംശങ്ങൾ ഫയലിൽ നിന്ന് ലഭ്യമായത് വെച്ച് തൻവർഷം 24760 രൂപയാണ് നൽകിയത് എന്ന് കാണുന്നു. ഇതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എത്ര തുകയാണ് ഓരോ വിദ്യാർത്ഥിക്കും നൽകിയത് എന്ന വിവരവും ലഭ്യമല്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/2019-20 തി: 24.11.2021) മറുപടി ലഭ്യമാക്കിയില്ല. അർഹമായ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-17 തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി - അധികച്ചെലവ്.

ഷീറ്റ് റൂഫിംഗ് പ്രവൃത്തിയിൽ 0.35 Mm GI ഷീറ്റ് റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത്മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് നിരക്ക് ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൽ ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റയിൽ ആവശ്യമായതിലും കൂടുതൽ അളവ്, സാധനങ്ങൾ, ലേബർ എന്നിവ അനുവദിച്ചത് മൂലമാണ് അധികച്ചെലവുണ്ടായത്.

DSR പ്രകാരം 0.5 Mm ഷീറ്റ് മേയുന്നതിനുള്ള നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ അളവ് ഷീറ്റ് , ലേബർ എന്നിവതന്നെയാണ് 0.35 Mm ഷീറ്റ് പ്രവൃത്തിക്കും ഉപയോഗിക്കേണ്ടത്. ഷീറ്റിന്റെ വില മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ , ലേബർ എന്നിവ DSR നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ നൽകിയാണ് നിരക്ക് കണക്കാക്കിയത്.

DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ 0.35 MMഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ നൽകുന്നു. (ലഭ്യമാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ അംഗീകരിച്ച, ഷീറ്റ് വില തന്നെയാണ് പരിഗണിച്ചത്. മറ്റ് ഇനങ്ങൾ DSR Item 12.50 പ്രകാരമുള്ള നിരക്കുകളുമാണ് പരിഗണിച്ചത്)

| പ്രവൃത്തി ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് |
|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25% , Tender Work | 618.43 | 485.88/ M2 |
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 %, Tender Work | 607.83/ M2 | 480.96/M2 |
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @37.25 , Convener Work | 578.10 / M2 | 456.13/M2 |

2019-20 നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തെറ്റായ Observed Data കണക്കാക്കിയതിനാൽ ഉണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് )

1-17-1 പറക്കാട്ട് അംഗൻവാടിറൂഫിംഗ്& ചുറ്റുമതിൽ (298/20)

സാങ്കേതികാനുമതി നം – 59172/2019-20 Dt 20.09.2019 ₹ 601000 (CI – 31.06%)

ഫണ്ട് – ബ്ലോക്ക് ഫണ്ട്.

കരാറുകാരൻ – ശ്രീ സിദ്ദീഖ്

കരാർ –98/19-20 Dt.11.11.2019 ( 19.4% കുറവ്- ₹430597.07 Item Rate Contract )

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് – @607.83/m2

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| 0.35 Mm Sheet Roofing | 134.55/M2 | 65917.39 @ 489.91 (Est.item No 8) | 52158.31 @387.65 (607.83-607.83x19.4%) | 9718 (13759.05- 5082.59) X 112% (മൂല്യ നിർണ്ണയത്തിൽ പരിമിതപ്പെടുത്തിയ 5082.59 കുറച്ച്, GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി) |

അധികമായി നൽകിയ തുക ₹ 5350 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/22.11.2021 ) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല.

1-17-2 കുഴിമണ്ണ സെക്കന്റ് സൗത്ത് GLPS സ്റ്റേജ് (304/20)

TS – 67564/2018-19 Dt 10.07.2018 (CI – 37.25%)

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

കൺവീനർ – ശ്രീ മുഹമ്മദ് കാസിം K

കരാർ – 152/18-19 Dt.19.01.2019

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് – @578.10/m2

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| 0.35 Mm Sheet Roofing | 72.68 | 42016.31 @ 578.10, (Est.item No 4) | 33151.53 @456.13 | 8422 [8864.78x95% ( നികുതി വിഹിതത്തിൽ കുറവ് ചെയ്യു 5% കുറവ് വരുത്തി)] |

അധികമായി നൽകിയ തുക ₹ 8422 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/22.11.2021 ) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല.

1-17-3 അത്തിക്കലൊടി അംഗൻവാടി അഭിവൃദ്ധിപ്പെടുത്തൽ ( 329/20 )

TS – 99003/2019-20 Dt 08.01.2020 (CI – 31.06%)

ഫണ്ട് – തനത് ഫണ്ട്.

കോൺട്രാക്ടർ – ശ്രീ PK ഉണ്ണീൻകുട്ടി

കരാർ – 141/19-20 Dt.11.02.2020 (Est Rate)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് – @607.83/m2

| പ്രവൃത്തി | ഉപയോഗിച്ച | നൽകിയ | നൽകാവുന്നത് | അധികം |
|---|---|---|---|---|

| | ഷീററിന്റെ അളവ് | തുക | | |
|---|---|---|---|---|
| 0.35 Mm Sheet Roofing | 9.27 | 5634.58<br>@ 607.83<br>(Est.item No 9) | 4458.50<br>@480.96 | 1317<br>[1176.08x112%(GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി)] |

അധികമായി നൽകിയ തുക ₹ 1317 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/22.11.2021 ) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല.

## 1-18 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല .

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 243 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 142 പ്രൊജക്ടുകളിലായി ആകെ 25830708 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 243 | ആകെ അടങ്കൽ | 51619691 |
| നടപ്പിലാക്കിയത് | 129 | ചെലവ് | 25830708 |
| ശതമാനം | 53 | ചെലവ് ശതമാനം | 50 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു .

2019-20 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൽ നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തേണ്ടതാണ്.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇവ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് വിവിധ കരാറുകാർ സമർപ്പിച്ച പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ വിവരം രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.

ഡെപ്പോസിറ്റിന്റെ എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ട പ്രസ്തുത രജിസ്റ്ററിൽ പ്രവൃത്തിയുടെ പെർഫോമൻസ് ഗ്യാരണ്ടി കാലയളവ് ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ അക്കാര്യവും

രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചുവരുന്ന രജിസ്റ്ററിൽ ഡെപ്പോസിറ്റ് സംബന്ധിച്ച് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ 10 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകിയിരിക്കുന്നു. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചു നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിനും ഇതുവഴി പഞ്ചായത്തിന് ഫണ്ട് ലാപ്സ് ആകുന്നതിനും ഇടവരുത്തുന്നു.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം

കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളി ൽമേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

ടെണ്ടർ തുറക്കുമ്പോൾ ചട്ടങ്ങളിൽ നിർദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാർ യഥാസമയം കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ഈ ചട്ടത്തിൽ പരാർശിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമമാണ് പാലിക്കേണ്ടത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ൽ ഇതുസംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് നിർദേശിക്കുന്നത്.

* തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകണം.

* സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന തിയ്യതിയാണ് കൈപ്പറ്റ് തിയ്യതിയായി കണക്കാക്കേണ്ടത്.

* സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെ കരാർ ചമക്കാം.

* നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുശേഷമുള്ള 10 ദിവസം ഒരു ശതമാനം പിഴയോടെ (കുറഞ്ഞത്

1000 പരമാവധി 25000 ) കരാർ ചമക്കാവുന്നതാണ്.

*പിഴയോടെ കരാർ ചമക്കേണ്ട തിയ്യതിക്കകം കരാർ ചമച്ചില്ലെങ്കിൽ സെലക്ഷൻ നോട്ടീസ് കാൻസൽ ചെയ്ത് കരാറുകാരന്റെ EMD പിടിച്ചുവച്ച് അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ആദ്യകരാറുകാരന്റെ നിരക്കിന് പ്രവൃത്തി ചെയ്യാൻ തയ്യാറാണോ എന്ന് അന്വേഷിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതും തയ്യാറല്ല എങ്കിൽ പ്രവൃത്തി റി ടെണ്ടർ ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ റി ടെണ്ടർ ചയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതാണ് എന്നും മാന്വലിൽ നിർദേശിക്കുന്നുണ്ട്.

മേൽ കാര്യങ്ങളിൽ നിന്ന് താഴെ പറയുന്ന വസ്തുതകൾ വ്യക്തമാണ് .

ടെണ്ടർ അംഗീകരിച്ച് പരമാവധി 21 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം ഒരു ശതമാനം പിഴയോടെയും കരാർ ചമക്കാവുന്നതാണ്. അതിനു ശേഷം മാന്വലിൽ വ്യക്തമാക്കിയ മറ്റ് തുടർ നടപടികളാണ് സ്വീകരിക്കേണ്ടത്.

2018-19, 2019-20 വർഷത്തിൽ ടെണ്ടർ ചെയ്ത വിവിധ പ്രവൃത്തികളിൽ കരാർ ചമക്കാൻ മേൽ പരാമർശിച്ച 21 ദിവസത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമായി. എന്നാൽ കരാർ ചമക്കാൻ വൈകിയതിന് ഈടാക്കേണ്ട പിഴ കരാറുകാറിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നും വ്യക്തമായി.

കൂടാതെ ബഹു ഭൂരിപക്ഷം പ്രവൃത്തികളുടെയും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളും ഫയലിൽ ഇല്ല.

പൊതു മരാമത്ത് മാന്വലിലെ നിർദേശപ്രകാരമുള്ള പിഴ ഈടാക്കാതെ, കരാർ ചമക്കാൻ വൈകിയ കരാറുകാർക്ക് കരാർ ചമക്കാൻ അവസരം നൽകിയത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/19-20 Dt 19.11.2021 ) മറുപടി ലഭ്യമാക്കിയില്ല.

## 1-24 സമയബന്ധിതമായി പ്രവൃത്തി നടത്താത്ത കാരറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. ₹ 23161 നഷ്ടം

മരാമത്ത് പ്രവൃത്തികൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും ,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണെന്ന് എന്ന് പ്രവൃത്തികളുടെ കരാറിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| പൊക്കനാളിൽ ഇസ്സത് റോഡ് റീ ടാറിംഗ് സൈഡ്കെട്ട് ( 262/20)<br>Est No- 2017/107405<br>TS – 51496/2017-18 Dt 04.08.2017<br>₹ 225000 (CI – 40.2%)<br>ഫണ്ട് - MG (Road)<br>പൂർത്തീകരണകാലയളവ്-5 മാസം<br>കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ<br>കരാർ - 58/17-18 Dt.26.12.2017 ( എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 223603<br>സൈറ്റ് കൈമാറിയത്- 26.12.2017<br>M Book – 13418-19, 141/ 18-19<br>പ്രവൃത്തി തുടങ്ങിയത്- 04.01.2019<br>പൂർത്തീകരിച്ചത്- 15.03.2019<br>ചെലവ് - 195229<br>Bill No – 1815105203740150798O/26.03.2019 | 25.05.2018 | 15.03.2019 | വൈകിയത് - 9 മാസം 18 ദിവസം.<br>ഈടാക്കേണ്ട പിഴ - 12074<br>[26.05.2018 To 25.08.2018 – 2236<br>26.08.2018 To 25.11.2018 – 4472<br>26.11.2018 To 25.02.2019 – 4472<br>26.02.2019 To 15.03.2019 – 894 |
| പൊട്ടുവണ്ണിപ്പുറം ആനപ്പട്ടം റോഡ് ( 263/20)<br>Est No- 2017/96866<br>TS – 27644/2017-18 Dt 22.07.2017 | 05.05.2018 | 05.02.2019 | വൈകിയത് - 9 മാസം<br>ഈടാക്കേണ്ട പിഴ - 11087 |

| | | | | |
|---|---|---|---|---|
| ₹ 225000 (CI – 40.2%)<br>ഫണ്ട് - MG (Road)<br>പൂർത്തീകരണകാലയളവ്-5 മാസം<br>കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ<br>കരാർ - 38/17-18 Dt.05.12.2017 ( എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 221739<br>സൈറ്റ് കൈമാറിയത്- 05.12.2017<br>M Book – 78/ 18-19<br>പ്രവൃത്തി തുടങ്ങിയത്- 01.01.2019<br>പൂർത്തീകരിച്ചത്- 05.02.2019<br>ചെലവ് - 221739<br>Bill No – 18151052037401425325/19.03.2019 | | | [06.05.2018 To 05.08.2018 – 2217<br>06.08.2018 To 05.11.2018 – 4435<br>06.11.2018 To 05.02.2019 – 4435 | |

പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ ഫൈനൽ ബില്ല് നൽകിയത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക₹ 23161 കരാറുകാരനിൽ നിന്നോ / ഫൈനൽ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/22.11.2021 ) മറുപടി ലഭ്യമാക്കിയില്ല.

### 1-25 കുടിവെള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചില്ല - ₹ 223302 പാഴ്ചെലവ്

2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത ഹാജിയാർപ്പടി പെരിങ്ങോട്ടുമ്മൽ കോളനി കിണർ റിപ്പയർ ( 225/20)എന്ന പ്രവൃത്തിക്ക് ₹ 223302 രൂപ ചെലവഴിച്ചുവെങ്കിലും നാളിതുവരെ കുടിവെള്ള വിതരണം ആരംഭിക്കാത്തതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി.

ഈ പ്രവൃത്തിയുടെ ഭാഗമായി 5000 ലിറ്റർ ടാങ്ക് സ്ഥാപിക്കൽ , പമ്പിംഗ് മെയിൻ , ഡിസ്ട്രിബ്യൂഷൻ പൈപ്പ്, 5 Hp മോട്ടോർ സാഥാപിക്കൽ എന്നീ പ്രവൃത്തികൾക്കാണ് പണം ചെലവഴിച്ചത്.

പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പദ്ധതിയിൽ നിന്നും നാളിതുവരെ കുടിവെള്ള വിതരണം നടത്തിയിട്ടില്ല എന്ന് വ്യക്തമായി.

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ താഴെ നൽകുന്നു.

1) മോട്ടോർസ്ഥാപിച്ച കിണർ, ടാങ്ക് സ്ഥാപിച്ച ഭൂമി എന്നിവയുടെ ഉടമസ്ഥാവകാശം ആർക്കാണ് എന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) കുടിവെള്ള പദ്ധതിയുടെ തുടർനടത്തിപ്പിന് ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുക്കാതെയാണ് പ്രവൃത്തി നടത്തിയത്.

3) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാതെയാണ് വൈദ്യുതി മോട്ടോർ ഉൾപ്പെടെയുള്ളവ സ്ഥാപിച്ചത്.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കേണ്ടതും പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/23.11.2021 ) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.

ഷീറ്റ് റൂഫിംഗ് പ്രവൃത്തിയിൽ 0.35 Mm GI ഷീറ്റ് റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരം എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് നിരക്ക് ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൽ ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റയിൽ ആവശ്യമായതിലും കൂടുതൽ അളവ് സാധനങ്ങൾ, ലേബർ എന്നിവ അനുവദിച്ചതുമൂലമാണ് അധികച്ചെലവുണ്ടായത്.

DSR പ്രകാരം 0.5 Mm ഷീറ്റ് മേയുന്നതിനുള്ള നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ അളവ് ഷീറ്റ് , ലേബർ എന്നിവതന്നെയാണ് 0.35 Mm ഷീറ്റ് പ്രവൃത്തിക്കും ഉപയോഗിക്കേണ്ടത്. ഷീറ്റിന്റെ വില മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ , ലേബർ എന്നിവ DSR നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ നൽകിയാണ് നിരക്ക് കണക്കാക്കിയത്.

DSR ഇനം 12.50 എന്ന ഇനം പ്രവൃത്തിയിൽ ഷീറ്റ് മേയുന്നതിന് അനുവദിച്ചിട്ടുള്ള വിവിധ ഇനം മെറ്റീരിയൽ , പ്രവൃത്തി എന്നിവയുമായി താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ കണ്ടെത്തിയ വ്യത്യാസം താഴെ നൽകുന്നു.

| DSR ഇനം 12.50 പ്രകാരം 216.14 Sqm വിസ്തൃതിയിലുള്ള പ്രവൃത്തിക്ക് അംഗീകരിച്ചത് | | ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 184.52 Sqm വിസ്തൃതിയിലുള്ള പ്രവൃത്തിക്ക് അനുവദിച്ചത് | |
|---|---|---|---|
| ഇനം / യൂനിറ്റ് | അളവ് | ഇനം | അളവ് |
| ഷീറ്റ് | 233.65 (8.01% അധികം ) | ഷീറ്റ് | 202.97 ( 10% അധികം) |
| 1023 -Galvanized Steel J Or L Hooks 8 Mm Dia | 47.6 | 1022 | 88.4 |
| 1208 -Bitumen Washer | 4.76 | 1023 | 81.0 |
| 1209 -GI Plain Washer Thick | 4.76 | 1207 | 16.94 |
| 9977 Carriage Of Bolts,nuts,washers | 8.06 | 1208 | 16.94 |
| 9999-Sundreis Labour | 39.52 | 9999 | 26.91 |
| 9977-Carriage Of Sheets | 104 | 9999 | 53.82 |
| 0130 -Mistry | 2.34 | 0130 -Mistry | 1.3 |
| 0112- Carpenter II Class | 9.34 | 0112- Carpenter II Class | 15.5 |
| 0114- Beldar | 9.34 | 0114- Beldar | 15.5 |
| | | 9999 | 12.09 |

ഒരു പ്രവൃത്തി നടപ്പാക്കുന്നതിന് ഏതെല്ലാം ഇനം സാധനം/ പ്രവൃത്തി എത്ര അളവിൽ വേണം എന്നത് ശാസ്ത്രീയമായി പഠനം നടത്തിയാണ് DSR പ്രകാരമുള്ള ഡാറ്റ തയ്യാറാക്കിയത്. ഇത്തരത്തിൽ അംഗീകരിക്കപ്പെട്ട ഡാറ്റയിൽ നിന്ന് Material / Labour അളവ് വ്യത്യാസപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത് അംഗീകരിക്കാനാവില്ല.

DSR ഇനം 12.50 എന്നിവ താരത്മ്യം ചെയ്തതിൽ 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ നൽകുന്ന വിധത്തിലാണ് എന്ന് ഓഡിറ്റ് കണക്കാക്കുന്നു. (ലഭ്യമാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ അംഗീകരിച്ച, ഷീറ്റ് വില തന്നെയാണ് പരിഗണിച്ചത്. മറ്റ് ഇനങ്ങൾ DSR Item 12.50 പ്രകാരമുള്ള നിരക്കുകളുമാണ് പരിഗണിച്ചത്)

(216.14 SqM വിസ്തൃതിക്ക് ആനുപാതികമായ കണക്ക്)

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |

| | | | | | |
|---|---|---|---|---|---|
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 29.63 |
| Total | | | | | 485.88 |

Cost Index 31.06 % ആകുമ്പോൾ അർഹമായ നിരക്ക് - 480.96

Cost Index 37.25 % ൽ കൺവീനർപ്രവൃത്തിക്ക് അർഹമായ നിരക്ക് - 456.13

2019-20 നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തെറ്റായ Observed Data കണക്കാക്കിയതിനാൽ ഉണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

1) പറക്കാട്ട് അംഗൻവാടിറൂഫിംഗ് & ചുറ്റുമതിൽ (298/20)

Est No- 2019/79426

TS – 59172/2019-20 Dt 20.09.2019 ₹ 601000 (CI – 31.06%)

ഫണ്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം

കരാറുകാരൻ- ശ്രീ സിദ്ദീഖ്

കരാർ -98/19-20 Dt.11.11.2019 ( 19.4% കുറവ്-430597.07 Item Rate Contract )

M Book – 90/19-20

മൂല്യനിർണ്ണയം- 435679.66 -(430597.07ൽ പരിമിതപ്പെടുത്തി)

ചെലവ് - 484509 (Including Tax Provision)

Bill No - 19151047002100909070/6.12.19- 248346

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക്- @607.83/m2 ( എസ്റ്റിമേറ്റ് ഇനം 8)

| പ്രവൃത്തി | ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 % , Tender Work | 134.55 | 65917.39<br>@ 489.91<br>(Item Rate Tender ൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക്) | 52158.31<br>@387.65<br>(480.96 X 80.6%) | 9718<br>(13759.08- 5082.59) X 112%<br>(മൂല്യ നിർണ്ണയത്തിൽ പരിമിതപ്പെടുത്തിയ 5082.59 കുറച്ച്, GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി) |

2) കുഴിമണ്ണ സെക്കന്റ് സൗത്ത് GLPS സ്റ്റേജ് (304/20)

Est No- 2018/101765

TS – 67564/2018-19 Dt 10.07.2018 (CI – 37.25%)

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

കൺവീനർ- ശ്രീ മുഹമ്മദ് കാസിം K

കരാർ - 152/18-19 Dt.19.01.2019

M Book – 202/18-19

മൂല്യനിർണ്ണയം- 125340.39

Bill No - – 119073 ( 5% VAT വിഹിതം ₹ 6267 കുറവ് ചെയ്തു പണം നൽകി)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക്- @ 578.10/m2 ( എസ്റ്റിമേറ്റ് ഇനം 4 )

| പ്രവൃത്തി | ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc... DSR 2016, Cost Index @37.25 % , Convener Work | 72.68 | 42016.31 @ 578.10, | 33151.53 @456.13 | 8422 [8864.78x95%( നികുതി വിഹിതത്തിൽ കുറവ് ചെയ്ത 5% കുറവ് വരുത്തി)] |

3)അത്തിക്കലൊടി അംഗൻവാടി അഭിവൃദ്ധിപ്പെടുത്തൽ ( 329/20 )

Est No- 2019/126283

TS – 99003/2019-20 Dt 08.01.2020 (CI – 31.06%)

ഫണ്ട് - തനത് ഫണ്ട്.

കോൺട്രാക്ടർ- ശ്രീ PK ഉണ്ണീൻകുട്ടി

കരാർ - 141/19-20 Dt.11.02.2020 (Est Rate)

M Book – 129/19-20

മൂല്യനിർണ്ണയം- 206541 - 231326

Bill No -

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക്- @607.83/m2 ( എസ്റ്റിമേറ്റ് ഇനം 9)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc... DSR 2016, Cost Index @31.06 % , Tender Work | 9.27 | 5634.58 @ 607.83 (Est.item No 9) | 4458.50 @480.96 | 1317 [1176.08x112%(GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി)] |

അധികമായി നൽകിയ തുക ₹ 19457 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/22.11.2021 ) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 10.11.2021 മുതൽ 24.11.2021 വരെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 24/20 | 350000 |
| | 571687 | തൈക്കുന്ന് ശ്മശാനം ചുറ്റുമതിൽ നിർമ്മാണം-291/20 | 571687 |
| | 484509 | പറക്കാട് അംഗനവാടിക്ക് മേൽക്കൂര, ചുറ്റുമതിൽ-298/20 | 484509 |
| ജില്ലാ പഞ്ചായത്ത് | 350000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 24/20 | 350000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 271/2020 ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (വാർഡ് 14 ഇട്ടിപ്പറമ്പ്-കഴുങ്ങുംചോല) | 21900643 11.12.2019 | 1,30,000/- | 0 | പൂർത്തീകരിച്ചിട്ടില്ല. | 1,30,000/- |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം. 363/2020 ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (വാർഡ് 14 കാളമ്പ്രം-ചെറുപറമ്പ്) | 21901043 17.03.2020 | 3,00,000/- രൂപ | 0 | പൂർത്തീകരിച്ചിട്ടില്ല. | 3,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 9,73,635 | 2,66,365 | 1,47,059 | 10,92,941 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപ ങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ആശുപത്രി വിഹിതം | 5000 | 1006,തിയ്യതി-20/06/1995 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 71,290/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | 3-7 | 30467 | ശ്രീ.മൂസ്സ വി കെ, അസി. എഞ്ചിനിയർ | 119120105978/ 04-11-2019 |
| 2017-18 | 3-11 | 6137 | ശ്രീ.മൂസ്സ വി കെ, അസി. എഞ്ചിനിയർ | 119120105979/ 04-11-2019 |
| 2011-12, 12-13 | 3-11 | 600 | അക്ഷയ കേന്ദ്രം | 119120107267/ 19-11-2019 |
| 2010-11 | 2-10(3) | 13500 | ഹെഡ് മാസ്റ്റർ, എ യു പി സ്കൂൾ പുളിയക്കോട് | 119120109505/ 10-01-2020 |
| 2015-16 | 2-1(3) | 7546 | പൈക്കാട്ടുചാലി മുഹമ്മദ് ഷാ | 119120110049/ 23-01-2020 |
| 2015-16 | 2-1(6) | 13040 | പുള്ളുപറമ്പൻ ഹുസൈൻ | 119120110382/ 27-02-2020 |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 11 | 2004-05 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 20 | 2004-05 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2013-14 | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |

| | | | | |
|---|---|---|---|---|
| 2013-14<br>2014-15 | 2-1 | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2013-14<br>2014-15 | 2-2 | 2016-17 | അൺ എയിഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2017-18 | 2-5 | 2018-19 | നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല. | നടപടി തുടർന്നു വരുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 3-2 | ശ്രീ.പി.പി.രാജൻ, സെക്രട്ടറി | LF.772/Spl.Cell /CS/D1/13 | 18750 | 0 | 0 | ഇല്ല | 0 | 0 | 0 | 18750 |
| 2 | 2011-12<br>2012-13 | 3-1<br>3-3 | ശ്രീമതി.കെ.പി. മിനിമോൾ. എൽ, എൽ.വി.ഇ.ഒ | LF.5817/Spl.Cell /CSC/D1/15 Dt.26.09.2017 | 1210000 | 0 | 0 | ഇല്ല | 0 | 0 | 0 | 1210000 |
| 3 | 2011-12<br>2012-13 | 3-4 | ഡോ.കെ.എസ്. കണ്ണൻ, വെറ്റിനറി സർജൻ | LF.5817/Spl.Cell /CSC/D1/15 Dt.26.09.2017 | 10000 | 0 | 0 | ഇല്ല | 0 | 0 | 0 | 10000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62959288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63175235 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19457 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1-1 | | 4859 | ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | | 4859 | മീര സി കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1-2 | | 4211 | മൂസ്സ ,അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 4211 | ബിന്ദു ജാസ്മിൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-1-3 | | 658 | ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | | 659 | മീര സി കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 19457 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശരീഫ് ഉമ്മിണിയിൽ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ, അരീക്കോട് ബ്ലോക്ക്<br>പഞ്ചായത്ത് | ഉമ്മിണിയിൽ വീട്, കുറ്റളി,<br>വാലില്ലാപുഴ (പി.ഒ), മലപ്പുറം-<br>673639 |
| മീര സി കെ<br>അസിസ്റ്റന്റ് എഞ്ചിനിയർ | എൽ എസ് ജി ഡി സബ് ഡിവിഷൻ<br>കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | ചൂണ്ടലശ്ശേരി ഹൌസ്,കലവൂർ<br>പോസ്റ്റ് , ആലപ്പുഴ-688522 |
| ബിന്ദു ജാസ്മിൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ,<br>തിരുവനന്തപുരം നഗരസഭ | തണൽ വീട്ടിക്കുന്ന് റോഡ്,<br>ഇരിങ്ങാട്ടിരി പി.ഒ.,<br>കരുവാരക്കുണ്ട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | കെ.എസ്.എ.എം.പി.എം.22/1569/18 തി:17.07.19 | 1 |
| 1992-93 | എൽ.എഫ്.എം.1088/95തി:01.08.1995 | 6 |
| 1992-93,94-95 | എൽ.എഫ്.എം.1299/97തി:13.07.1998 | 16 |
| 1996-97 | എൽ.എഫ്.എം.13/1183/98 തി:03.05.1999 | 30 |
| 1997-98,98-99, 99-2000 | എൽ.എഫ്.എം.7/1267/03 തി:20.03.2004 | 1 |
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 |
| 2002-03 | എൽ.എഫ്.എം.8/502/08 തി:10.12.2008 | 11 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 6 |
| 2004-05 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 9 |
| 2005-06 | എൽ.എഫ്.എം.7/750/11 തി:14.01.2010 | 8 |
| 2006-07 | എൽ.എഫ്.എം.15/1806/09 തി:15.01.2010 | 19 |
| 2007-08 | എൽ.എഫ്.എം.7/1228/12 തി:16.11.2012 | 25 |
| 2008-09 | എൽ.എഫ്.എം.7/1229/12 തി:16.11.2012 | 15 |
| 2009-10 | എൽ.എഫ്.എം.7/2937/12 തി:17.01.2013 | 21 |
| 2010-11 | എൽ.എഫ്.എം.7/1759/13 തി:19.11.2013 | 7 |
| 2011-12, 12-13 | എൽ.എഫ്.എം.7/1473/14 തി:23.10.2014 | 13 |
| 2013-14,14-15 | എൽ.എഫ്.എം.7/1625/16 തി:07-03-17 | 14 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.22/2054/2018 തി:06.06.2019 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.22/2292/2018 തി:13.11.2018 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.22/536/2019 തി:13.06.2019 | 10 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.22/2 /2020തി:25.05.2020 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്